# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2069 19-6-2012 ന് മറുപടിയ്ക്ക്

**കാടപ്പാറ - മുളംകുഴിറോഡ് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജോസ് തെറ്റയിൽ : | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ മലയാറ്റൂർ - നീലേശ്വരം പഞ്ചായത്തിൽ വനം വകുപ്പിന്റെ കൈവശമുള്ളതും ഇടമലയാർ ഇറിഗേഷൻ പ്രോജക്റ്റിനുവേണ്ടി ഇറിഗേഷൻ വകുപ്പിന് കൈമാറിയിട്ടുള്ളതുമായ കാടപ്പാറ-മുളംകുഴി റോഡിൽ പൊതുജനങ്ങൾ അനുഭവിക്കുന്ന യാത്രാക്ലേശം കണക്കിലെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാ-റാൻ നടപടി സ്വീകരിക്കുമോ ; | (എ) കാടപ്പാറ-മുളംകുഴി റോഡ് വനഭൂമിയിൽ ആയതിനാൽ, 1980 ലെ വന സംരക്ഷണ നിയമപ്രകാരം, കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി യില്ലാതെ പൊതുമരാമത്തു വകുപ്പിനു കൈമാറുവാൻ കഴിയില്ല. |
| (ബി) എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെന്നും ഇത് എന്ന് കൈമാറാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ? | (ബി) കേരള പൊതുമരാമത്തു വകുപ്പിൽ നിന്നും വനസംരക്ഷണ നിയമമനുസരിച്ചുള്ള ഔപചാരിക അപേക്ഷ ലഭിക്കുന്ന മുറക്ക് ഇക്കാര്യത്തിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.